കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം നഗരസഭയ്ക്കുവേണ്ടി നിർമ്മിതി കേന്ദ്ര മുഖേന കുടുംബശ്രീയുടെ മേൽനോട്ടത്തിൽ മുട്ടത്തറയിൽ സ്ഥാപിച്ച പ്ലാസ്റ്റിക് യാർഡിന്റെയും ചുറ്റുമതിലിന്റെയും നിർമ്മാണത്തിന് ഭരണാനുമതി നൽകിയും, ആയതിന് ചെലവായ തുക 2017-2018 സാമ്പത്തിക വർഷം ശുചിത്വ മിഷന് വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം.91/2018/തസ്വഭവ തിരുവനന്തപുരം, തീയതി 09.01.2018

പരാമർശം :- 1) കുടുംബ ശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 19.01.2017 ലെ 6600/D/2014/KSHO നമ്പർ കത്ത്

2) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 08.09.2017 ലെ 3189/C2/14/SM നമ്പർ കത്ത്

ഉത്തരവ്

തിരുവനന്തപുരം നഗരസഭയ്ക്കുവേണ്ടി മുട്ടത്തറയിൽ കുടുംബശ്രീയുടെ മേൽനോട്ടത്തിൽ നിർമ്മിതി കേന്ദ്ര മുഖേന നടപ്പിലാക്കിയ പ്ലാസ്റ്റിക് ശേഖരണ യാർഡിന്റെ നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം, വൈദ്യുത ലൈൻ ഉയർത്തൽ എന്നിവയുമായി ബന്ധപ്പെട്ട് കുടുംബശ്രീക്ക് ആകെ 4424653/- (നാല്പതിനാല് ലക്ഷത്തി ഇരുപത്തിനാലായിരത്തി അറുനൂറ്റി അൻപത്തി മൂന്ന്) രൂപ ചെലവായിട്ടുണ്ട് എന്നും ഇതിൽ 22,07,500/- രൂപ (ഇരുപത്തി രണ്ടുലക്ഷത്തി ഏഴായിരത്തി അഞ്ഞൂറ് രൂപ) മുൻകൂറായി നിർമ്മിതി കേന്ദ്രയ്ക്ക് നൽകിയിട്ടുണ്ട് എന്നും, ബാക്കിയുള്ള തുക നാളിതുവരെ നൽകിയിട്ടില്ല എന്നും, ഈ സാഹചര്യത്തിൽ പ്രസ്തുത തുക അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 1 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. പ്ലാസ്റ്റിക് യാർഡിന്റെ നിർമ്മാണവും അനുബന്ധ പ്രവൃത്തികളും കുടുംബശ്രീയുടെ മേൽനോട്ടത്തിൽ നിർമ്മിതി കേന്ദ്ര പൂർത്തിയാക്കി തിരുവനന്തപുരം നഗരസഭയ്ക്ക് കൈമാറിയിട്ടുണ്ട് എന്നും ഇതിനായി മൊത്തം 44,24,653/- രൂപ ചെലവായതിൽ 22,07,500/- രൂപ മുൻകൂറായി നിർമ്മിതി കേന്ദ്രയ്ക്ക് കുടുംബശ്രീ അനുവദിച്ചിട്ടുണ്ട് എന്നും പ്രസ്തുത നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിരുന്നില്ല എന്നും, നിർമ്മാണവുമായി ബന്ധപ്പെട്ട് നിർമ്മിതി കേന്ദ്രയ്ക്ക് ബാക്കി നൽകാനുള്ള തുക (22,17,153/- രൂപ) ശുചിത്വ മിഷന്റെ "സോളിഡ് വേസ്റ്റ് മാനേജ്മെൻറ് ഇൻ അർബൻ ഏര്യാസ്" 2217-80-800-71 എന്ന ശീർഷകത്തിൽ ലഭ്യമായിട്ടുള്ള ഫണ്ടിൽ നിന്നും അനുവദിക്കാവുന്നതാണ് എന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 2 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു തിരുവനന്തപുരം നഗരസഭയ്ക്കുവേണ്ടി മുട്ടത്തറയിൽ കുടുംബശ്രീയുടെ മേൽനോട്ടത്തിൽ നിർമ്മിതി കേന്ദ്ര മുഖേന നടപ്പിലാക്കിയ പ്ലാസ്റ്റിക് ശേഖരണ യാർഡിന്റെ നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം, വൈദ്യുത ലൈൻ ഉയർത്തൽ എന്നിവയ്ക്ക് 44,24,653/- രൂപയുടെ ഭരണാനുമതി നൽകിയും, പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് നിർമ്മിതി കേന്ദ്രയ്ക്ക് നൽകാനുള്ള ബാക്കി തുക (22,17,153/-രൂപ) "2217-80-800-71-സോളിഡ് വേസ്റ്റ് മാനേജ്മെൻറ് ഇൻ അർബൻ ഏര്യാസ്" എന്ന ശീർഷകത്തിൽ 2017-18 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

സിന്ധു എൽ

ഗവ. സ്പെഷ്യൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബ ശ്രീ , തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ , തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ , കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്ര , പി റ്റി പി നഗർ , തിരുവനന്തപുരം 38
ധനകാര്യ വകുപ്പ് (Dev3 /154/2017/Fin)
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (PLGEA-A2/175/2017/PLGEA)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ